**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5077** **02-11-2021 - ൽ മറുപടിയ്ക്ക്**

**ഷൊർണ്ണൂർ മണ്ഡലത്തിൽ കാർഷിക മേഖലയുടെ പുരോഗതിയ്ക്കായുള്ള പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | ഷൊർണ്ണൂർ മണ്ഡലത്തിൽ കാർഷിക മേഖലയുടെ പുന:സൃഷ്ടിക്കായി പുൺജനി പദ്ധതിയിലൂടെ നടപ്പിലാക്കിയ പ്രവൃത്തികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (എ) | 2018-2019 പുനർജ്ജനി പദ്ധതി പ്രകാരം ഷൊർണ്ണൂർ മണ്ഡലത്തിലെ ശ്രീകൃഷ്ണപുരം ബ്ലോക്കിലെ വെള്ളിനേഴി കൃഷിഭവൻ മുഖേന 9000 പാക്കറ്റ് പച്ചക്കറി വിത്തുകൾ വിതരണം ചെയ്തിട്ടുണ്ട്. |
| (ബി) | ഷൊർണ്ണൂർ മണ്ഡലത്തിൽ അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ; | (ബി) | ഷൊർണ്ണൂർ മണ്ഡലത്തിൽ നിലവിൽ ഒറ്റപ്പാലം, വാണിയംകുളം എന്നീ കൃഷിഭവനുകളിൽ അഗ്രോ സർവ്വീസ് സെന്റർ പ്രവർത്തിച്ചു വരുന്നുണ്ട്. |
| (സി) | സുഭിഷ കേരളം പദ്ധതിയുടെ ഭാഗമായി കൃഷി വകുപ്പ് പ്രസ്തുത മണ്ഡലത്തിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്ന് വിശദമാക്കാമോ? | (സി) | സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി ഷൊർണ്ണൂർ മണ്ഡലത്തിൽ തരിശു നിലത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി ഹെക്ടറിന് 40,000/- രൂപ നിരക്കിൽ 2,40,000/- രൂപ സബ്സിഡി ഇനത്തിൽ അനുവദിച്ചിട്ടുണ്ട്. അതിൽ 3.2 ഹെക്ടർ സ്ഥലത്തു തരിശു നില കൃഷി ചെയ്തിട്ടുണ്ട്. കൂടാതെ മഴമറ എന്ന ഘടകത്തിൽ 100 ചതുശ്ര മീറ്ററിന് 50,000/- രൂപ നിരക്കിൽ 300 ചതുരശ്ര മീറ്ററിന് 1,50,000/- രൂപ അനുവദിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കിവരുന്നു. കൃഷിയും അനുബന്ധ വകുപ്പുകളും ചേർന്ന് വിവിധ വിളകൾ ഉൾപ്പെടുത്തിക്കൊണ്ട് സ്വന്തമായും പാട്ടത്തിനും 350 ഹെക്ടർ തരിശു ഭൂമിയിൽ കൃഷി നടപ്പിലാക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്. ആയതു നടപ്പിലാക്കി വരുന്നു. ഒരു കോടി ഫലവൃക്ഷത്തൈകളുടെ പദ്ധതിയിൻ കീഴിൽ ടി മണ്ഡലത്തിൽ 1,16,887 തൈകൾ വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ